REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്ര നിർമാണത്തിന്റെ മുൻനിരയിലാണ് രാജ്യത്തെ യുവശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **2026-27 ലെ കേന്ദ്രബജറ്റ് ഫെബ്രുവരി ഒന്നിന് ധനമന്ത്രി നിർമ്മല സീതാരാമൻ ലോകസഭയിൽ അവതരിപ്പിക്കും.**
- **മൂന്ന് തദ്ദേശ വാർഡുകളിലേക്ക് ഇന്നലെ നടന്ന തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ ആരംഭിക്കും.**
- **തിരുവനന്തപുരത്ത് നിയമസഭാ പുസ്തകോത്സവത്തിന് വൈകിട്ട് സമാപനം.**
- **മകരവിളക്ക് മഹോത്സവം നാളെ. ശബരിമലയിൽ അവസാനവട്ട ഒരുക്കങ്ങൾ.**
- **സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തൃശൂരിൽ തിരിതെളിയും.**

## വാർത്തകൾ വിശദമായി

നൂതനാശയങ്ങളും ഊർജവും ലക്ഷ്യവുമായി രാഷ്ട്ര നിർമാണത്തിന്റെ മുൻനിരയിലാണ് രാജ്യത്തെ യുവശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ വികസിത് ഭാരത് യുവ നേതൃസംവാദത്തിന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് റിപ്പോർട്ട്.

................വോയ്സ്.........

2047 ൽ രാജ്യം സ്വാതന്ത്ര്യത്തിന്റെ 100 വർഷം പൂർത്തിയാക്കുന്ന വേള ഇന്നത്തെ യുവാക്കളുടെ ജീവിതത്തിലെ സുപ്രധാന സമയമായിരിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത് സുവർണാവസരമാണെന്നും യുവതയുടെ കഴിവ് രാജ്യത്തിന്റെ കഴിവായി മാറുമെന്നും അവരുടെ വിജയം പുതിയ ഉയരങ്ങളിലെത്തിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ചുരുങ്ങിയ സമയത്തിൽ രാജ്യത്തെ യുവനേതാക്കളുടെ ചരിത്രപരവും അതുല്യവുമായ വേദിയായി യുവനേതൃസംവാദം മാറിയതായി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. രാഷ്ട്രവികസനത്തിൽ യുവതയുടെ പങ്കാളിത്തം ഉറപ്പാക്കിയ പരിപാടി ചിന്തകളുടെ വേദിയായി മാറിയെന്നും പുതുതലമുറയുടെ സർഗാത്മകത പ്രതിഫലിപ്പിച്ചുവെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

രാഷ്ട്രത്തെ എങ്ങനെ കെട്ടിപ്പടുക്കുന്നുവെന്നതിലെ നിർണായക മാറ്റത്തെയാണ് ഇന്ത്യയിലെ യുവതയുടെ ആത്മവിശ്വാസവും നൂതനാശയങ്ങളും അഭിലാഷങ്ങളും പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. ന്യൂഡൽഹിയിൽ വികസിത് ഭാരത് ദേശീയ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാമ്പസുകൾ മുതൽ രാഷ്ട്രനിർമാണം വരെ വികസിത ഭാരത ലക്ഷ്യത്തെ രാജ്യത്തെ യുവത ശക്തിപ്പെടുത്തുന്നതായി അദ്ദേഹം പറഞ്ഞു.

✪✪✪

2026-27 ലെ കേന്ദ്രബജറ്റ് ഫെബ്രുവരി ഒന്ന് ഞായറാഴ്ച ധനമന്ത്രി നിർമ്മല സീതാരാമൻ ലോകസഭയിൽ അവതരിപ്പിക്കും. ബജറ്റ് സമ്മേളനം ഈ മാസം 28 മുതൽ ഏപ്രിൽ രണ്ട് വരെ തുടരുമെന്ന് ലോക്സഭാ സ്പീക്കർ ഓംബിർള ന്യൂഡൽഹിയിൽ പറഞ്ഞു. ബജറ്റിന് മുന്നോടിയായ സാമ്പത്തിക സർവെ ഈ മാസം 29-ന് പാർലമെന്റിന് സമർപ്പിക്കും. രാഷ്ട്രപതി ദ്രൗപതി മുർമു ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങളെ അംഭിസംബോധന ചെയ്യുന്നതോടയാണ് ബജറ്റ് സമ്മേളനത്തിന്റെ ആരംഭം കുറിക്കുന്നത്. ഈ മാസം 28 മുതൽ ഫെബ്രുവരി 13 വരെയും മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളിലായാണ് ബജറ്റ് സമ്മേളനം.

✪✪✪

2026-27ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി, കൃഷിയുടെയും ഗ്രാമവികസനത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ച് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ന്യൂഡൽഹിയിൽ ധനമന്ത്രി നിർമ്മല സീതാരാമനുമായി ചർച്ച നടത്തി. കർഷകർ, കാർഷിക വിദഗ്ധർ, ഗ്രാമീണ, സ്വയം സഹായ, സഹകരണ സംഘങ്ങൾ എന്നിവരുമായി നടത്തിയ ചർച്ചകളിൽ നിന്ന് ലഭിച്ച ആശയങ്ങളും

നിർദ്ദേശങ്ങളും ധനമന്ത്രിക്ക് സമർപ്പിച്ചതായി ചൗഹാൻ അറിയിച്ചു. ബജറ്റ് സമൃദ്ധരായ കർഷകർ, ശാക്തീകരിക്കപ്പെട്ട ഗ്രാമങ്ങൾ എന്ന പ്രധാനമന്ത്രിയുടെ ദർശനം സാക്ഷാത്കരിക്കുന്നതിൽ നാഴികക്കല്ലായിരിക്കുമെന്ന് കൃഷിമന്ത്രി വ്യക്തമാക്കി.

✪✪✪

ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിന്റെ ഫുൾ ഡ്രസ് റിഹേഴ്സലിന് രാജ്യരക്ഷാ മന്ത്രാലയം സൗജന്യ പാസുകൾ പ്രഖ്യാപിച്ചു. വ്യാഴം, വെള്ളി ദിവസങ്ങളിൽ പാസുകൾ സൗജന്യമായി ബുക്ക് ചെയ്യാം. ഫുൾ ഡ്രസ് റിഹേഴ്സൽ ഈ മാസം 23 നാണെന്ന് മന്ത്രാലയം അറിയിച്ചു. ആമന്ത്രൺ വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ്പ് വഴിയോ പാസുകൾ ബുക്ക് ചെയ്യാം.

✪✪✪

'റിപ്പബ്ലിക് ഡേ അറ്റ് ഹോം – 2026' പരിപാടിയിൽ പങ്കെടുക്കുന്നതിന് എറണാകുളം ജില്ലയിലെ മഞ്ഞുമ്മൽ സ്വദേശിയും വിദ്യാർത്ഥി–യുവ സംരംഭകനുമായ മാധവ് A. നായർക്ക് രാഷ്ട്രപതിയുടെ ഓഫീസിൽ നിന്ന് ഔദ്യോഗിക ക്ഷണം ലഭിച്ചു. എറണാകുളം കേന്ദ്രീയ വിദ്യാലയത്തിലെ 11-ാം ക്ലാസ് വിദ്യാർത്ഥിയായ മാധവ്, റുതീനിയം ആൽഫ എന്ന സോഫ്റ്റ്വെയർ സംരംഭത്തിന്റെ സ്ഥാപകനാണ്.

✪✪✪

പശ്ചിമ ബംഗാളിൽ നിപ വൈറസ് ബാധ സംശയിക്കുന്ന രണ്ട് കേസുകൾ കണ്ടെത്തിയ സാഹചര്യത്തിൽ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ സഹായിക്കുന്നതിന് ദേശീയ സംയുക്ത പകർച്ചവ്യാധി പ്രതികരണ സംഘത്തെ കേന്ദ്രം വിന്യസിച്ചു. ഞായറാഴ്ചയാണ് സംശയാസ്പദമായ നിപ കേസുകൾ തിരിച്ചറിഞ്ഞത്.

പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുമായി സംസാരിച്ചതായും കേന്ദ്ര-സംസ്ഥാന ഏകോപനത്തിന് ഊന്നൽ നൽകിയതായും കേന്ദ്രമന്ത്രി JP നദ്ദ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച മൂന്ന് തദ്ദേശ വാർഡുകളിലേക്ക് ഇന്നലെ നടത്തിയ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ ആരംഭിക്കും. തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞത്ത് 66.97 ശതമാനവും, മലപ്പുറം ജില്ലയിലെ മൂത്തേടം പായിമ്പാടം വാർഡിൽ 84.21 ഉം, എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂറിൽ 81.57 ശതമാനവുമാണ് പോളിംഗ്.

✪✪✪

തിരുവനന്തപുരത്ത് നിയമസഭാ പുസ്തകോൽസവം ഇന്ന് സമാപിക്കും. വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

.......വോയ്സ്......

നിയമസഭാ പുസ്തകോത്സവത്തിന്റെ സമാപന സമ്മേളനം ഇന്നു വൈകിട്ട് മൂന്നു മണിക്കു ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. . സ്പീക്കർ എ എം ഷംസീർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മൗറീഷ്യസ് മുൻ പ്രസിഡന്റ് അമീന ഗുരീബ് ഹക്കീം മുഖ്യ പ്രഭാഷണം നടത്തും. നിയമസഭയുടെ പുസ്തകങ്ങളുടെ പ്രകാശനവും ഇതോടനുബന്ധിച്ചു നടക്കും. പുസ്തകോൽവത്തിനോടനുബന്ധിച്ചുള്ള തെയ്യം അവതരണം ഇന്നലെ വൈകിട്ടു സമാപിച്ചിരുന്നു. ഇന്നലെ അരങ്ങേറിയ വസൂരിമാല തെയ്യവും പൊട്ടൻ തെയ്യവും ഏറെപ്പേരെ ആകർഷിച്ചിരുന്നു. മുന്നൂറോളം പുസ്തക പ്രകാശനങ്ങളും എഴുപത്തിയഞ്ചോളം പുസ്തക ചർച്ചകളുമായിരുന്നു ഒരാഴ്ചത്തെ പുസ്തകോൽസവത്തിന് അനുബന്ധമായി നടത്തിയത്.

✪✪✪

ശബരിമലയിൽ മകരവിളക്ക് മഹോത്സവം നാളെ. സന്നിധാനത്തും പരിസരപ്രദേശങ്ങളിലും അവസാനവട്ട ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. മകരവിളക്കിന് മുന്നോടിയായി സന്നിധാനത്ത് ശുദ്ധിക്രിയകൾക്ക് തുടക്കമായി. നാളത്തെ മകരസംക്രമ പൂജയ്ക്കും, തിരുവാഭരണം ചാർത്തി മഹാദീപാരാധനയ്ക്കും മുൻപ് നടത്തുന്ന ശ്രുദ്ധിക്രിയകൾക്കാണ് ഇന്നലെ തന്ത്രി കണ്ഠരര് മഹേഷ്മോഹനരുടെ നേതൃത്വത്തിൽ തുടക്കമായത്. ഇന്ന് ബിംബശുദ്ധി ക്രിയകളും നടത്തും.

തീർഥാടകരുടെ സുരക്ഷയ്ക്കായി ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. ഹൈക്കോടതി ഉത്തരവ് പ്രകാരം ഇന്ന് 40,000 പേർക്കും, നാള 30,500 പേർക്കുമാണ് സന്നിധാനത്ത് പ്രവേശനം. രാവിലെ 10 മുതൽ നിലയ്ക്കലിൽ നിന്ന് പമ്പയിലേക്കും, രാവിലെ 11 മുതൽ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്കും ഭക്തരെ കടത്തിവിടില്ല.

മകരവിളക്കിനോടനുബന്ധിച്ച് ജില്ലയിൽ നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചു. ഗവി യാത്രയ്ക്കും നാളെ നിരോധനമുണ്ട്. ഗതാഗത സുരക്ഷ മുൻനിർത്തി ഇന്നുമുതൽ 15വരെ ടിപ്പർ ലോറികൾക്കും അനുബന്ധ വാഹനങ്ങൾക്കും

ജില്ലയിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടായിരത്തോളം പോലീസ് ഉദ്യോഗസ്ഥരെയാണ് മകരവിളക്ക് ദിവസം ശബരിമലയിൽ നിയോഗിക്കുന്നത്.

✪✪✪

ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ 2025-ലെ ഓടക്കുഴൽ പുരസ്കാരത്തിന് സാഹിത്യ വിമർശകൻ EP രാജഗോപാലൻ അർഹനായി. 2021-ൽ പ്രസിദ്ധീകരിച്ച 'ഉൾക്കഥ' എന്ന സാഹിത്യ വിമർശന ഗ്രന്ഥത്തിനാണ് പുരസ്കാരം. 30,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

ട്രസ്റ്റ് പ്രസിഡന്റും നോവലിസ്റ്റുമായ സി. രാധാകൃഷ്ണൻ ഫെബ്രുവരി 2-ന് എറണാകുളത്ത് അവാർഡ് സമ്മാനിക്കും.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തൃശൂരിൽ തിരിതെളിയും. ജനുവരി 18 വരെ 25 വേദികളിൽ 250 ഇനങ്ങളിലായി 15,000 ത്തോളം കലാപ്രതിഭകൾ മാറ്റുരയ്ക്കും.

തൃശൂരിൽ നിന്ന് ഭരിതപ്രതാപ്...

.......വോയ്സ്.......

കലാഭിമാനത്തിന്റെ തിരിതെളിയിച്ചു ശക്തന്റെ മണ്ണിൽ ഇനികലോത്സവ പൂര നാളുകൾ.

കലോത്സവം കൊട്ടിക്കയറാൻ ഇനി മണിക്കൂറുകൾ മാത്രം ബാക്കി.

25 വേദികൾ, 249 ഇനങ്ങൾ. 15,000 കലാപ്രതിഭകൾ....കലാ മാമാങ്കത്തിനുള്ള ഒരുക്കങ്ങളെല്ലാം ജില്ലയിൽ അവസാനഘട്ടത്തിലാണ്. തേക്കിൻകാട് മൈതാനിയിൽ ഉൾപ്പെടെയുള്ള വേദികൾ ഉയർന്നു കഴിഞ്ഞു.ഉത്തരവാദിത്വ കലോത്സവം എന്ന ആശയം, കലോത്സവത്തിന് സ്കൂളുകളിൽ നടത്തുന്ന തുടർപ്രവർത്തനങ്ങൾ, രണ്ടുദിവസം നീണ്ടുനിൽക്കുന്ന സ്വർണക്കപ്പ് ഘോഷയാത്ര തുടങ്ങി അനേകം പ്രത്യേകതകളോടെയാണ് ഇത്തവണ കലോത്സവമെത്തുന്നത്.

രാവിലെ പത്തിന് പ്രധാനവേദിയായ തേക്കിൻകാട് മൈതാനം എക്സിബിഷൻ ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ തിരികൊളുത്തുന്നതോടെയാണ് കലോത്സവത്തിന് തുടക്കമാകുക. മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനാകും. കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായിരിക്കും. നടി റിയാ ഷിബു പ്രത്യേക അതിഥിയായി പങ്കെടുക്കും.

തൃശൂരിന്റെ പൂരപ്രൗഢി വിളിച്ചോതുന്ന രീതിയിൽ പാണ്ടി മേളവും, 64-ാം കലോത്സവത്തെ സൂചിപ്പിച്ചുകൊണ്ട് 64 കുട്ടികൾ അണിനിരക്കുന്ന വർണാഭമായ കുടമാറ്റവും നടക്കും. മന്ത്രി വി. ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിക്കും. കലോത്സവം സ്വാഗത സംഘം ചെയർമാൻ കൂടിയായ മന്ത്രി അഡ്വ. കെ രാജൻ സ്വാഗതം ആശംസിക്കും.

'ഉത്തരവാദിത്വ കലോത്സവം എന്നതാണ് ഇത്തവണത്തെ കലോത്സവത്തിന്റെ ആപ്തവാക്യം. പൂർണമായും ഹരിതചട്ടം പാലിച്ചുകൊണ്ടായിരിക്കും കലോത്സവം അരങ്ങേറുക.

✪✪✪

യുവാക്കൾ സമൂഹത്തോട് പ്രതിബദ്ധത പുലർത്തുന്നവരാകണമെന്ന് നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ അടൂർ എഞ്ചിനീയറിംഗ് കോളജിൽ ദേശീയ യുവജന ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യുവാക്കൾ നാടിന്റെ പുരോഗതിക്കായി പ്രവർത്തിക്കുമ്പോഴാണ് നന്മ നിറഞ്ഞ സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

കണ്ണൂരിൽ റിട്ടയേർഡ് ബാങ്ക് മാനേജരുടെ സമയോചിത ഇടപെടലിലൂടെ സൈബർ പൊലീസ് ഡിജിറ്റൽ അറസ്റ്റ് ഇല്ലാതാക്കി. ലക്ഷങ്ങൾ തട്ടിയെടുക്കാൻ ശ്രമിച്ച നീക്കം ഇതോടെ പൊളിഞ്ഞു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

......വോയ്സ്........

ഡാറ്റാ പ്രൊട്ടക്ഷൻ ബോർഡ് ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥൻ എന്ന വ്യാജേനയാണ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് വിരമിച്ച സീനിയർ മാനേജർ കണ്ണൂർ തോട്ടട സ്വദേശി പ്രമോദ് മഠത്തിലിനെ ഡിജിറ്റൽ അറസ്റ്റ് ചെയ്യാൻ ശ്രമം നടന്നത്. തട്ടിപ്പാണെന്ന് മനസ്സിലാക്കിയ പ്രമോദും ഭാര്യയും ഉടൻ തന്നെ കണ്ണൂർ സൈബർ പോലീസിനെ വിവരമറിയിക്കുയായിരുന്നു . സൈബർ പോലീസ് സംഘത്തിന്റെ സാനിധ്യത്തിൽ പ്രമോദ് സംശയമില്ലാത്ത രീതിയിൽ തട്ടിപ്പുകാരുടെ വീഡിയോ കോൾ അറ്റൻഡ് ചെയ്തു.. സംഭാഷണത്തിനിടെ തട്ടിപ്പുകാർക്ക് യാതൊരു സംശയവും നൽകാതെ, സൈബർ പോലീസ് ഉദ്യോഗസ്ഥർ കോൾ ഏറ്റെടുക്കുകയും തട്ടിപ്പ് സംഘത്തിന്റെ നീക്കം പരാജയപ്പെടുത്തുകയുമായിരുന്നു. മലയാളിയാണ് വീഡിയോ കോളിൽ

എത്തിയതെന്നും ഇതാദ്യമായാണ് ഡിജിറ്റൽ അറസ്റ്റിൽ ഒപി മലയാളിയുടെ സാനിധ്യമെന്നും പോലീസ് അറിയിച്ചു. കേസ് റജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചിട്ടുണ്ട്. തട്ടിപ്പാണെന്ന സംശയം ഉണ്ടായ ഉടനെ വിവരം അറിയിച്ച പ്രമോദിനെയും ഭാര്യയെയും പോലീസ് അഭിനന്ദിച്ചു.

✪✪✪

നവി മുംബൈയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു, UP വാരിയേഴ്സിനെ ഒമ്പത് വിക്കറ്റിന് തോൽപ്പിച്ചു. 144 റൺസ് വിജയലക്ഷ്യം പിന്തുടർന്ന റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു 12.1 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 145 റൺസ് നേടി.

✪✪✪

*News Editor : വികെ സുരേഷ്*
*News Reader: വികെ സുരേഷ്*
*NRTs:അനുഷ ആത്മപ്രകാശ്, ഹബീബ് റഹ്മാൻ*
*DEO : സി കെ സുബോധ്*